**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **04-10-2021 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദ്ദം തകർക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സാമൂഹ്യമാധ്യമങ്ങളെ നിരീക്ഷിക്കുന്നതിനും മതസൗഹാർദ്ദം തകർക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; | (ബി) | സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരളാ പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ച് വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT Act എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (സി) | വ്യാജ ഐ. ഡി. ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (സി) | സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരളാ പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ച് വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT Act |

| | | | |
|---|---|---|---|
| | | | എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | മത സാമുദായിക സംഘടനാ നേതാക്കളുടെ യോഗം വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്ത് രമ്യതയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ അത്തരമൊരു യോഗം വിളിച്ചു ചേർക്കേണ്ട സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ